കേരള സർക്കാർ

**സംഗ്രഹം**

പെൻഷൻ – പരേതനായ ബെന്നിച്ചൻ ആന്റണിയുടെ കുടുംബ പെൻഷൻ മാതാപിതാക്കൾക്ക് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ - എ) വകുപ്പ്

സ.ഉ(സാധാ)നം.6960/2018/ധന. തിരുവനന്തപുരം, തീയതി.16/08/2018.

---

പരാമർശം : - ശ്രീ.ആന്റണി.എൻ.സി യുടെ 06/04/2018 – ലെ അപേക്ഷ.

**ഉത്തരവ്**

വാണിജ്യ നികുതി വകുപ്പിൽ സേവനത്തിലിരിക്കെ 28/08/2013 - ൽ മരണപ്പെട്ട ശ്രീ.ബെന്നിച്ചൻ ആന്റണിയുടെ കുടുംബ പെൻഷൻ മരണപ്പെട്ട തീയതി മുതൽ പരേതന്റെ സഹോദരന് ആശ്രിത നിയമനം വഴി ജോലി ലഭിച്ചത് വരെയുള്ള കുടുംബ പെൻഷൻ അനുവദിക്കണമെന്ന് പരേതന്റെ പിതാവായ ശ്രീ.എൻ.സി. ആന്റണി പരാമർശ പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരേതനായ ബെന്നിച്ചൻ ആന്റണിയുടെ സഹോദരൻ ആശ്രിത നിയമന പ്രകാരം 11/08/2016 – ൽ ജോലിയിൽ പ്രവേശിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട മക്കളുടെ കുടുംബ പെൻഷന് മാതാപിതാക്കൾക്ക് അർഹതയുണ്ട്. ഇതിൻ പ്രകാരം ബെന്നിച്ചൻ ആന്റണിയുടെ കുടുബ പെൻഷൻ 29/08/2013 മുതൽ 10/08/2016 വരെ മാതാപിതാക്കളായ ശ്രീ.ആന്റണി എൻ.സി, ശ്രീമതി.അന്നമ്മ ആന്റണിയ്ക്കും തുല്യമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത പെൻഷൻ നൽകുന്നതിനാവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-101-99" പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

(..........2)

പകർപ്പ്: -

1. അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ചേർത്തല, ആലപ്പുഴ.
5. ശ്രീ.ആന്റണി.എൻ.സി,നെട്ടുംചിക്കരിയിൽ,കൊക്കോതമംഗലം.പി.ഒ.ചേർത്തല, ആലപ്പുഴ.
6. The Nodal Officer, www.finance.kerala.gov.in.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E.868596)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**